നടപ്പിലാക്കാനായി ജനമൈത്രി പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് സ്കൂളുകളിൽ ബോധവൽക്കരണ സെമിനാറുകൾ നടത്താനും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ഉപയുക്തമാകുന്ന രീതിയിൽ ലഹരി വിരുദ്ധ പാംപ്ലെറ്റുകൾ വിതരണം ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതി നിലവിൽ തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. തുടർന്ന് പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സ്ത്രീ-ശിശു സുരക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾ അടങ്ങുന്ന ഇൻഫർമേഷൻ ടച്ച് സ്ക്രീൻ കിയോസ്കുകൾ വിദ്യാലയങ്ങളിൽ ഇടയ്ക്കിടെ എത്തിക്കുവാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

വർഗ്ഗീയ സംഘടനകളുടെ ആക്രമണം

158 (2977) ശ്രീ. എം. എ. ബേബി :

ശ്രീ. ബി. സത്യൻ :

ശ്രീ. എളമരം കരീം :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരാധനാ സ്വാതന്ത്ര്യം തടസ്സപ്പെടുത്തുന്നതും വർഗ്ഗീയ സംഘർഷങ്ങൾക്കിടവരുത്തുന്നതുമായ തരത്തിലുള്ള ചില വർഗ്ഗീയ സംഘടനകളുടെ ബോധപൂർവ്വമായ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ശക്തികളുടെ പ്രവർത്തനം സൈ്വര്യജീവിതം തകർക്കുമെന്ന റിയാമോ ; എങ്കിൽ വർഗ്ഗീയ സംഘർഷങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നവർക്കെതിരെ മതനിരപേക്ഷ നിലപാടിലൂറച്ച നടപടികൾ സ്വീകരിക്കുമോ ;

(സി) ആറ്റിങ്ങലിൽ പ്രാർത്ഥനയ്ക്കിടെ ക്രൈസ്തവ വിശ്വാസികളെ ക്രൂരമായി ആക്രമിച്ച ഒരു വിഭാഗം ആർ.എസ്.എസ്.-ബി.ജെ.പി. പ്രവർത്തകർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) എല്ലാ പ്രതികളെയും പിടികൂടി മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അറിയാം. വർഗ്ഗീയ സംഘർഷങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നവർക്കെതിരെ മതനിരപേക്ഷ നിലപാടിലൂറച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ആറ്റിങ്ങൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1181/15 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതും ടി കേസ്സിൽ ഉൾപ്പെട്ട 5 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും മറ്റ് പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യുന്നതിനുവേണ്ട ഊർജ്ജിത അന്വേഷണം നടത്തിവരുന്നതുമാകുന്നു.

(ഡി) കുറ്റക്കാരായ പ്രതികളെ പിടികൂടി മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുന്നതാണ്.

മതപരിവർത്തനത്തിനെതിരെ നടപടി

159 (2978) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. ബി. സത്യൻ :

ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മതപരിവർത്തനം വ്യാപകമായി നടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇത് റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇതിനകം റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളിൽ പോലീസ് നേരിട്ട് കേസ്സെടുക്കുകയുണ്ടായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ; റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളെക്കുറിച്ച് വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന "ഘർവാപസി" ഘടകത്തിന്റെയും പുനർമത പരിവർത്തനത്തിനുള്ള ഹെൽപ് ലൈനിന്റെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നുണ്ടോ ;

(ഇ) ഇത്തരം പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ തയ്യാറാകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ; ഇക്കാര്യത്തിൽ സംഘടനകളെ പ്രീണിപ്പിക്കുന്നു എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(എഫ്) ജനങ്ങളെ വർഗ്ഗീയമായി ചേരിതിരിച്ച് മുതലെടുക്കാൻ ശ്രമിക്കുന്ന സംഘടനകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly